കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്

2015-16

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എംപിഎം.15/3001/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറംജില്ലാ ഓഡിറ്റ്

കാര്യാലയം,

ഇ-മെയിൽ

-dompm.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in

ഫോൺ 0483 2734951

തീയതി. 5.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൂന്നിയൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2.1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3.3, 3.7 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ എസ് എ.എംപിഎം.15/3001/2016 തിയ്യതി: 05.12.2016

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

-------------

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 30.06.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 28.09.2016ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 01.06.2016മുതൽ 30.06.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകെളാന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 2016 ഏപ്രിൽ മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരേശാധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 14 | 48 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത

വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം :

സ്ഥാപനം: മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്.

വിസ്തീർണ്ണം: 21.66ച.കീമി

ജനസംഖ്യ 55535

വാർഡുകളുടെ എണ്ണം 23.

ആകെ ജീവനക്കാരുടെ എണ്ണം 15

സ്ഥിരം 12

താൽക്കാലികം 2

കരാറടിസ്ഥാനത്തിൽ 1

ആകെ 15

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ- ശ്രീ.എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിനു വിനിയോഗിച്ച സമയം – 14.10.2016 മുതൽ 21.10.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ സുരേഷ് പി | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ അബ്ദുന്നാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി ജിഷ കെ | ഓഡിറ്റർ |
| 4 | ശ്രീമതി ജമീല കൊറ്റേക്കാട്ട് | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീ സെയ്തലവി എന്ന കുഞ്ഞാപ്പ 01.04.2015മുതൽ 31.10.2015 വരെ

അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി 01.11.2015മുതൽ 18.11.2015 വരെ

(സെക്രട്ടറി, കൃഷി ഓഫീസർ,

ഐസിഡിഎസ് സൂപ്പർവൈസർ)

ശ്രീമതി കുട്ടശ്ശേരി ഷരീഫ 19.11.2015മുതൽ 31.03.2016 വരെ

സെക്രട്ടറി

ശ്രീമതി സതീദേവി കെ . 01.04.2015മുതൽ 31.03.2016 വരെ

നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ നാരായണൻ എം | 01.04.2015മുതൽ 24.07.2015 വരെ |
| | ശ്രീമതി അനിത എസ് | 25.07.2015 മുതൽ 18.08.2015 വരെ |
| | ഒഴിവ് | 19.08.2015 മുതൽ 21.08.2015 വരെ |
| | ശ്രീ സുഭാഷ് കുമാർ സി | 22.08.2015 മുതൽ 31.12.2015 വരെ |
| | ശ്രീമതി ജയന്തി കെ | 01.01.2016 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ നന്ദകുമാർ പി | 01.04.2015മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ രജീഷ് സി കെ | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീ ഐസക് ജോർജ്ജ് | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ മോഹൻകുമാർ ടി വി | 01.04.2015മുതൽ 31.03.2016 വരെ |
| ആയുർവേദ മെഡിക്കൽ ഓഫീസർ | ഡോ. കെ സുശീല | 01.04.2015മുതൽ 31.03.2016 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി വനജ കെ പി | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സംഗീത വി | 01.04.2015മുതൽ 17.05.2015 വരെ |
| | ശ്രീ ഷാജി പി | 18.05.2015മുതൽ 18.12.2015 വരെ |
| | ശ്രീമതി നീതു എൻ എസ് | 19.12.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.സരിത പി | 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |

| | | | |
|---|---|---|---|
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധപത്രികകൾ | 1(11) | |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഖണ്ഡിക നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|---|
| 1 | 2(1) | പെർമിറ്റ് ഫീ കുറവായി ഈടാക്കി | |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | | 3(1)മുട്ടക്കോഴി വിതരണം സബ്സിഡിയിനത്തിൽ അധിക തുക നൽകി | |
| 2 | | 3(2)ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണം-രേഖകൾ ലഭ്യമാക്കിയില്ല | |
| 3 | | 3(3)അംഗൻവാടി പോഷകാഹാരം – പ്രോജക്ടിനായി പിൻവലിച്ച മുഴുവൻ തുകക്കുള്ള വൗച്ചറുകൾ ലഭ്യമാക്കിയില്ല | |
| 4 | | 3(4)ഭവന നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചില്ല | |
| 5 | | 3(5)ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉല്ലാസയാത്ര, കലോത്സവം,കായികമേള പദ്ധതി -അപാകതകൾ | |
| 6 | | 3(6)മരുന്നുകൾ ലഭ്യമായില്ല | |
| 7 | | 3(7) കുടിവെള്ള പദ്ധതികൾ ലക്ഷ്യം കണ്ടില്ല | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7<br>8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.<br>ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(7)<br>4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പുതുക്കിയത് |
|---|---|
| തീരുമാനം നമ്പർ 1, തിയ്യതി 30.03.15 | തീരുമാനം നമ്പർ 1, തിയ്യതി 09.03.16 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 11.07.16 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം- 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകളിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. 2014-15 വർഷത്തെ എസ്.എഫ്.സി പത്രികയിൽ വർഷാവസാന നീക്കിയിരിപ്പ് തുക 1 ,92, 50, 184.85 രൂപയാണ്. എന്നാൽ 2015-16 വർഷത്തെ വാർഷിക കണക്കിൽ മുന്നിരിപ്പ് 1, 92, 82,740 രൂപയാണ് കാണിച്ചിട്ടുള്ളത്. എസ്. എഫ്.സി. യുമായി 32556 രൂപയുടെ വ്യത്യാസം നില നിൽക്കുന്നു.
2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം- 57,58 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ ഭാഗികമായ നടപടി / പരിശോധന / സാക്ഷ്യപ്പെടുത്തലുകൾ മാത്രമാണ് സെക്രട്ടറി പൂർത്തീകരിച്ചിട്ടുള്ളത്.
3. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.2015-16 വർഷം പുതിയതായി ആർജ്ജിച്ച ആസ്തികളെ (റോഡുകൾ, അങ്കണവാടി കെട്ടിടങ്ങൾ, കിണർ, ടാങ്ക് മുതലായവ) ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ടി- ആസ്തികളുടെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.
4. വസ്തു നികുതി- തൻവർഷ ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.
5. തൊഴിൽ നികുതിയിനത്തിൽ 15520 രൂപ കുടിശ്ശികയുള്ളതായി ബാലൻസ് ഷീറ്റിൽ കാണുന്നു. (shedule- B-15) . എന്നാൽ തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്റർ പ്രകാരം കുടിശ്ശികയില്ല.ഡിമാന്റ് റജിസ്റ്ററിൽ മേൽ 15520 രൂപ അഡ്വാൻസ് കളക്ഷൻ എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡിമാന്റ് റജിസ്റ്റർ പ്രകാരം അഡ്വാൻസ് കളക്ഷൻ 61350 രൂപ (45830+15520) ആണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 ൽ അഡ്വാൻസ് കളക്ഷന്59830 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
6. വൗച്ചറുകൾ ഫണ്ടടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടുമില്ല.
7. ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂളിലെ താഴെ കൊടുത്തിരിക്കുന്ന ഹെഡിലെ തുകകൾബി-4 ഷെഡ്യൂളിൽ വരുന്ന തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഹെഡ് | ബി-17 പ്രകാരമുള്ള തുക | ബി-4 പ്രകാരമുള്ള തുക |
|---|---|---|

| | | |
|---|---|---|
| TSC | 168446 | 165134 |
| JALANIDHI | 1040870 | 40870 |

8. Income and expenditure പത്രികയിലെ ഷെഡ്യൂൾ 1-6 ലെ താഴെകൊടുത്തിട്ടുള്ള ബിഫണ്ട് / ക്ഷേമ പെൻഷൻ വരവ് തുകകൾ ഇതേ അക്കൗണ്ടിലെ shedule-1-14(d) ലെ പ്രസ്തുത ഇനത്തിലെ ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | Shedule 1-6പ്രകാരമുള്ള തുക | shedule-1-14(d) പ്രകാരമുള്ള തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 134760 | 113640 |
| വാർദ്ധക്യ കാല പെൻഷൻ | 10880492 | 10879410 |
| ആയുർവേദം | 106671 | 61854 |

9.receipt and payment പത്രികയിലെ ഷെഡ്യൂൾ RP- 7 ലെ താഴെകൊടുത്തിട്ടുള്ള ബിഫണ്ട് / ക്ഷേമ പെൻഷൻ വരവ് തുകകൾ ഇതേ അക്കൗണ്ടിലെ shedule-RP-19 ലെ പ്രസ്തുത ഇനത്തിലെ ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | Shedule RP-7പ്രകാരമുള്ള തുക | Shedule-RP-19 പ്രകാരമുള്ള തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 134760 | 113640 |
| വാർദ്ധക്യ കാല പെൻഷൻ | 1082 | NIL |
| ആയുർവേദം | 106671 | 61854 |

10. താഴെകൊടുത്തിട്ടുള്ള ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുടെ വർഷാവസാന നീക്കിയിരിപ്പ് അതാത് ബാങ്ക്/ ട്രഷറി പാസ്ബു ക്കുകളിലെ നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട്. | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| Treasury own fund vpfa-12 | 500 | പാസ് ബുക്ക് ഹാജറാക്കിയിട്ടില്ല. |
| Velimukku service co-operative bank (distress)-450430101 | 13762 | 14244 |
| Velimukku service co-operative bank (literacy)-450630102 | 773 | 800 |

11. പണമിടപാട്ടുകൾ നടക്കാത്ത താഴെകൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് | 31-3-16 ന് ബാലൻസ് |
| --- | --- | --- |
| 1 | SBT -CHELARI (pension) | 1021 |
| 2 | SBT-SGRY | 17052 |

12. 2014-15 വർഷം പിരിച്ചെടുക്കാനവശേഷിച്ചിരുന്ന വസ്തു നികുതി 18,23,201 രൂപയാണ്(991934+831267) . 2015-16വർഷത്തെ receipt and payment പത്രിക പ്രകാരം വസ്തു നികുതിയിനത്തിൽ ആകെ പിരിച്ചെടുത്ത കുടിശ്ശിക 11,13,895(999273+114622) രൂപയാണ്.ഇതിന്റയടിസ്ഥാനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്ന വസ്തു നികുതി 7, 09, 306 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ shedule- B-15 ൽ കുടിശ്ശികയായി അവശേഷിക്കുന്നത് 6,53,611 രൂപ മാത്രമാണ്. 55695 രൂപയുടെ വ്യത്യാസം കാണുന്നു.

13. 2015-16 വർഷത്തെ എസ്.എഫ്.സി. പത്രികയിലെ മുന്നിരിപ്പ്, തൻവർഷ വരവ് , ചെലവ് എന്നിവ വാർഷിക കണക്കുകളിലെ തുകകളുമായി വ്യത്യാസം നില നിൽക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 19282740.85

വരവ് - 51994202

ആകെ - 71276942.85

ചെലവ് - 57736335

നീക്കിബാക്കി -13540607.85

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1096358 | 13175097 | 14271455 | 13387113 | 6033055 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 171807 | 4760003 | 4931807 | 3662714 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 14000 | 14000 | 14000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 532695 | 4417000 | 4949695 | 4520682 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1421603 | 4345000 | 5766603 | 3907965 | - | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 529438 | 7747760 | 8277198 | 5924943 | -2323662 | 0 |
| ലോക ബാങ്ക് സഹായം | 4469000 | 3709393 | 8178393 | 4008176 | -3709393 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 163 | 67 | 49 | 47 | 41.1 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 4118540 | 4111440 | 99.83 |
| വെറ്ററിനറി സർജൻ | 2 | 1 | 2115120 | 704748 | 33.32 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 5 | 5 | 775000 | 732179 | 94.47 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 400000 | 400000 | 100 |
| വി ഇ ഒ | 11 | 8 | 10915150 | 6004550 | 55.01 |
| ഐസിഡിഎസ് | 3 | 3 | 4903800 | 4593190 | 93.67 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| സെക്രട്ടറി | 18 | 9 | 9386193 | 3388475 | 36.10 |
| ഹെഡ്മാസ്റ്റർ | 9 | 3 | 2462620 | 1097130 | 44.55 |
| അസി.എഞ്ചിനീയർ | 103 | 76 | 41482149 | 25382576 | 61.19 |
| അസി.സെക്രട്ടറി | 6 | 5 | 1910000 | 1763779 | 92.34 |

## 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8822217 | 5490293 | -3331924 | -37.77 |
| നികുതിയേതര വരവുകൾ | 1777565 | 1361334 | -416231 | -23.42 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്)<br>ഇൻഷൂറൻസ് ക്ലെയിം റിക്കവറി<br>ഓഡിറ്റ് റിക്കവറി<br>ലൈബ്രറി | | 22570<br>22928<br>60<br>----------------------<br>45558 | 45558 | |
| ആകെ | 10649992 | 6897185 | -3752807 | -35.24 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 9 | 9 | 4 | |
| 2 | തൊഴിൽ രഹിത വേതനം | 16 | 16 | 14 | |

| | | | | | |
|---|---|---|---|---|---|
| 3 | വിധവാ പെൻഷൻ | 134 | 134 | 4 | |
| 4 | വികലാംഗ പെൻഷൻ | 50 | 50 | 3 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | 0 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 362 | 362 | 11 | |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 17 | 17 | 5 | |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7835/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 30.09.2016 | ഓഗസ്റ്റ് 2016 | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 03.07.06 മുതൽ 15.07.06 വരെ | 1997-98 മുതൽ2005-06 വരെ | 28/08/06 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

കാറ്റഗറി II ൽപ്പെടുന്ന മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ 2015-16 വർഷത്തെ കെട്ടിട നിർമ്മാണ അനുമതി അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു.

| അപേക്ഷകന്റെ പേര് | പെർമിറ്റ് അനുവദിച്ച നം./തീയ്യതി | വിസ്തീർണ്ണം/തരം | ഈടാക്കേണ്ട പെർമിറ്റ് ഫീസ്/നിരക്ക് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| ശ്രീ.ഹംസക്കോയ& സുബൈദ | 3014/15<br>6-4-15 | 469.58<br>m2(com) | AF 20<br>PF 2348-5/m2<br>RS 700-100/E | AF 20<br>PF 2348- | 700 |
| ശ്രീ.മലയിൽ ഷാഹുൽഹമീദ് | 3160/15<br>16-4-15 | 193.36 m2(Resi) | AF 20<br>PF 580- 3/m2 | AF 20<br>PF 508- | 72 |
| ശ്രീ.സക്കറിയ. | 3473/15<br>29-4-15 | 39.20 m2(com) | AF 20<br>PF 196-5/m2<br>RS 200-100/E | -AF 20<br>PF 196 | 200 |
| ശ്രീ.ചക്കാലക്കൽ അബൂബക്കർ | 8416/15<br>24-11-15 | 439.32 m2(com) | AF 20<br>PF 2200- 5/m2<br>RS 1500-100/E | -AF 20<br>PF 2200 | 1500 |
| ശ്രീ.ശിഹാബുദ്ദീൻ | 8428/15<br>2-2-16 | 292.15<br>m2(com) | AF 20<br>PF 1461-5/m2 | AF 20<br>PF 1461 | 600 |

| | | | | | |
|---|---|---|---|---|---|
| | | | RS 600-100/E | | |
| ആകെ | | | | | 3072 |

പെർമിറ്റ് ഫീസ് ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുട്ടക്കോഴി വിതരണം സബ്സിഡിയിനത്തിൽ അധിക തുക നൽതി

നിർവഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

പ്രൊജക്റ്റ് നം - 67/16

അടങ്കൽ തുക - 622500/-(പൊതു വിഭാഗം)+640000/-(തനത്)+352620 (ഗ്ര. വി)

ബിൽ നം -1) 1/15-16/28.03.16(182091/-)

2)2/15-16/28.03.16(368767/-)

ചെക്ക് നമ്പർ -1)67389/23.03.2016(50895/-)

2)67401/28.03.2016(103005/-)

മേൽ പ്രോജക്ട പ്രകാരം ഗ്രാമസഭ വഴി തെരെഞ്ഞെടുത്ത1140/- പേർക്ക് 45 ദിവസത്തിനും 60 ദിവസത്തിനും ഇടക്ക് പ്രായമുള്ള 6 കോഴിക്കുഞ്ഞുങ്ങളെ വീതം നൽകുന്നതിനാണ് ലക്ഷ്യം വെച്ചത്. ജില്ലാതല പർച്ചേസ് കമ്മിറ്റി ഒരു കുഞ്ഞിന് ടാക്സ് അടക്കം 103.05 രൂപയാണ് വില കണക്കാക്കിയിരിക്കുന്നത് . പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 618 (103.05*6) രൂപയാണ് ചെലവു വരുന്നത്. ആയതിൽ 483/-രൂപ സബ്സിഡിയും 135/-രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ പദ്ധതിആസൂത്രണവും സബ്സിഡി അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ (സ. ഉ(എം . എസ്) നമ്പർ 362/2013/തസ്വഭവ തിയ്യതി 16.11.2013 പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വാങ്ങി നൽകുന്നതിന് 75% സബ്സിഡിയാണ് അനുവദനീയമായിട്ടുള്ളത്. ആയതിൻ പ്രകാരം ഒരാൾക്ക് നൽകാവുന്ന സബ്സിഡി തുക 463.5/-(618*75%) രൂപയാണ്. അതായത് ഒരാൾക്ക് 19.5/-രൂപ അധികം നൽകിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം 1140 പേർക്ക് 22230/- (19.5x1140) രൂപ അധികം പദ്ധതി വിഹിതം നൽകിയതായി കാണുന്നു. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ഉത്തരവാദിയായ വെറ്ററിനറി സർജനിൽ നിന്നും തിരിച്ചീടാക്കേണ്ടതാണ്.

### 3-2 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണം - രേഖകൾ ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ- ഐസിഡിഎസ് സൂപ്പർ വൈസർ

പ്രൊജക്റ്റ് നം -133/16

അടങ്കൽ തുക - 200000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നം -8/15-16/26.03.16

മേൽ പ്രോജക്ട പ്രകാരം 18 പേർക്കായി 16 ഇനം ഉപകരണങ്ങൾ കെൽട്രോണിൻ നിന്നും വാങ്ങി നൽകുന്നതിനായി 200000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത വിവരം, പഞ്ചായത്ത് ഭരണസമിതി മേൽ ഗുണഭോക്താക്കളെ അംഗീകരിച്ച് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് എന്നിവയൊന്നും ഫയലിൽ ലഭ്യമല്ല.
2. ഗുണഭോക്താക്കളുടെ വൈകല്യത്തിന്റെ സ്വഭാവം , ശതമാനം എന്നിവ വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.ആയതിനാൽ ഉപകരണങ്ങൾ ലഭിച്ചവർ ആയതിന് അർഹരാണോ എന്നത് പരിശോധിക്കാൻ കഴിഞ്ഞില്ല.
3. പ്രോജക്ട് വഴി വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.
4. ഉപകരണങ്ങളുടെ കൈപ്പറ്റ് രശീതി പരിശോധിച്ചതിൽ Accomodative shoe for disabled എന്ന ഉപകരണം 5 ജോടി വാങ്ങിയിട്ടുണ്ടെങ്കിലും 4 ജോടി മാത്രമാണ് വിതരണം ചെയ്തതായി കാണുന്നത്.

ക്രമ നമ്പർ 4 ൽ സൂചിപ്പിച്ച വിതരണം ചെയ്യാതെ അവശേഷിക്കുന്ന Accomodative shoe for disabled വിലയായ 1750/- രൂപ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പ്രോജക്ടിനായി ചെലവഴിച്ച ബാക്കി തുക 198250/- രൂപ(200000-1750) വ്യക്തമായ രേഖകൾ ഹാജരാക്കുന്നതുവരെ തടസ്സം ചെയ്യുന്നു.

## 3-3 അംഗൻവാടി പോഷകാഹാരം - പ്രോജക്ടിനായി പിൻവലിച്ച മുഴുവൻ തുകയ്ക്കുമുള്ള വൗച്ചറുകൾ ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ- ഐസിഡിഎസ് സൂപ്പർ വൈസർ

പ്രൊജക്റ്റ് നം -122/16

മേൽ പ്രോജക്ടിനായി താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/ചെക്ക് നമ്പർ | പിൻവലിച്ച തിയ്യതി | തുക |
|---|---|---|---|
| 1 | ട്രഷറി ചെക്ക് നമ്പർ 2615809 | 28/05/16 | 150301 |
| 2 | ബിൽ നമ്പർ 02/15-16 | 22/08/15 | 738355 |
| 3 | ബിൽ നമ്പർ 3/15-16 | 30/10/15 | 1096011 |
| 4 | ബിൽ നമ്പർ4/15-16 | 12/01/16 | 77315 |
| 5 | ബിൽ നമ്പർ 05/15-16 | 16/02/16 | 659486 |
| 6 | ബിൽ നമ്പർ 06/15-16 | 16/02/16 | 19330 |

| | | | |
|---|---|---|---|
| 7 | ചെക്ക് നമ്പർ 67310 | 12/02/16 | 543885 |
| 8 | ട്രഷറി ചെക്ക് നമ്പർ 1860894 | 26/03/16 | 989707 |
| ആകെ | | | 4274390 |

2015-16 കാലയളവിൽ സബ്സിഡി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പിൻവലിച്ച തുകകൾ ആർക്കാണ് നൽകിയതെന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ ചെലവുകളുടെ മുഴുവൻ വൗച്ചറുകളും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ/ചെക്ക് നം | റിമാർക്സ് |
|---|---|---|
| 1 | ചെക്ക് നം. 2615809/ 28.05.16 (150301/-) | 139216/-രൂപയുടെ ചെലവു രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. ആയത് ടിഎച്ച്ആർഎസ് വിതരണം ചെയ്തതിന് നൽകിയതാണ്. 11085/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. അതുവരെ 11085/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. |
| 2 | ബിൽ നമ്പർ 02/ 22.08.16 (1096011/-) | 1.733067/- രൂപ അംഗൻവാടികളിലേക്ക് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തതിന് പടിക്കൽ മാവേലി ഷോപ്പ് മാനേജർക്ക് നൽകി. എന്നാൽ ടി തുകയുടെ വിതരണ വിവരം ലഭ്യമാക്കിയില്ല(ബിൽ നമ്പർ 15174/30.09.2015 for Rs. 733067/-)<br>2. 307070/- രൂപ അംഗൻവാടികളിലേക്ക് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തതിന് പടിക്കൽ മാവേലി ഷോപ്പ് മാനേജർക്ക് നൽകി. എന്നാൽ മാവേലിയിലെ ബിൽ ലഭ്യമാക്കിയിട്ടില്ല.<br>3.32738/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ശ്രീ മോഹനൻ എന്നവർക്ക് നൽകി.(@1.40 per Kgഎന്നാൽ ക്വട്ടേഷൻ ലഭ്യമല്ല)എന്നാൽ ഏതൊക്കെ മാസത്തേക്കാണ് തുക നൽകിയതെന്ന് ഫയലിൽ നിന്നും വ്യക്തമല്ല.<br>4.23136/- Fuel&contiment ഇനത്തിൽ അംഗൻവാടി വർക്കർമാർക്ക് നൽകിയത് ആയതിന്റെ രേഖകൾ ലഭ്യമാക്കി. ആയതിനാൽ ചെലവുരേഖകൾ ഹാജരാക്കിയ 23136/- രൂപ ഒഴികെയുള്ള 1072875/- രൂപ തടസ്സം ചെയ്യുന്നു. |

| | | |
|---|---|---|
| 3 | 04/15-16/12.01.16 (77315/- ) | Fuel&contiment ഇനത്തിൽ അംഗൻവാടി വർക്കർമാർക്ക് നൽകിയ തുക. എന്നാൽ ഏതു മാസത്തേതെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 77315/- തടസ്സം ചെയ്യുന്നു. |
| 4 | ബിൽ നം. 05/ 16.02.16 (659486/-)<br>ബിൽ നം. 06/ 16.02.16 (19330/-)<br>ചെക്ക് നം 67310/ 12.02.16 (543885/-)<br>1222701 | 1. 371746/- രൂപ ടിഎച്ച്ആർഎസ് വിതരണം ചെയ്തതിന് നൽകി. എന്നാൽ 325778/- രൂപയുടെ ബില്ലുകൾ മാത്രമാണ് ഫയലിൽ ലഭ്യമാക്കിയത്.<br>2.773229/- രൂപ അംഗൻവാടികളിലേക്ക് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തതിന് പടിക്കൽ മാവേലി ഷോപ്പ് മാനേജർക്ക് നൽകി. ആയതിൽ 2000/- രൂപയുടെ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.(ക്രമ നമ്പർ 2(1) പ്രകാരമുള്ള ബില്ലിലെ ബാക്കി തുക)<br>3. 38748/- രൂപ Fuel&contiment ഇനത്തിൽ അംഗൻവാടി വർക്കർമാർക്ക് നൽകി. ആയതിന്റെ രേഖകൾ ലഭ്യമാക്കി.<br>4. 38978/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.<br>ചെലവിനാധാരമായ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 86946/-രൂപ (45968+2000+38978) തടസ്സം ചെയ്യുന്നു. |
| 5 | ചെക്ക് നമ്പർ1860894/ 26.03.16 (989707/-) | 1. 452788/- രൂപ അംഗൻവാടികളിലേക്ക് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തതിന് പടിക്കൽ മാവേലി ഷോപ്പ് മാനേജർക്ക് നൽകി. എന്നാൽ ടി തുകയുടെ വിതരണ വിവരം ലഭ്യമാക്കിയില്ല. (ബിൽ നമ്പർ 15346/25.02.16 for Rs.452788/-)<br>2. 9066/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ശ്രീ മോഹനൻ എന്നവർക്ക് നൽകി. എന്നാൽ ക്രമ നം.1 പ്രകാരമുള്ള ബില്ലിൽ 5060 kg ഭക്ഷണ സാധനങ്ങളാണ് അംഗൻവാടികളിൽ വിതരണം ചെയ്തത്. ആയതിനാൽ 7084/- രൂപ (5060*1.40) അനുവദിക്കാവുന്നതാണ്. 1982/- രൂപ അധികമായി നൽകിയതായി കാണുന്നു. ആയതിന് ആധാരമായ ചെലവ് ലഭ്യമാക്കിയില്ല.<br>3. 67002/- രൂപ Fuel&contiment ഇനത്തിൽ അംഗൻവാടി വർക്കർമാർക്ക് നൽകിയത് ആയതിന്റെ രേഖകൾ ലഭ്യമാക്കി.<br>4. 460851/- രൂപ ടിഎച്ച്ആർഎസ് വിതരണം ചെയ്തതിന് നൽകി. |

| | | |
|---|---|---|
| | | എന്നാൽ വൗച്ചർ പ്രകാരം 468667/- രൂപയുടെ ബില്ലുകളിലായി ടിഎച്ച്ആർഎസ് വിതരണം ചെയ്തിട്ടുണ്ട്.<br>ചെലവിനാധാരമായ രേഖകളും വിതരണ വിവരങ്ങളും ലഭ്യമാക്കുന്നതുവരെ തുക 454770/- രൂപ തടസ്സം ചെയ്യുന്നു. |

## 3-4 ഭവന നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചില്ല

2014-15,15-16 വർഷങ്ങളിലായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവന നിർമ്മാണ പ്രോജക്ടുകളിൽ ഏതാനും ഗഡു ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നൽകാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 123/16 ഭവന നിർമ്മാണം ജനറൽ | സരസ്വതി w/o രാജൻ, ഉള്ളേരി, കളിയാട്ടുമുക്ക് | 180000 | 20000 |
| 2 | 2/16 ഭവന നിർമ്മാണം ജനറൽ | സുഹ്റാബി w/o അബ്ദുന്നാസർ, തച്ചറപടിക്കൽ | 140000 | 60000 |
| 3 | | പ്രമീള w/o കൃഷ്ണൻ , അന്തം വീട്ടിൽ വലിയ പറമ്പിൽ | 180000 | 20000 |
| 4 | | ഫാത്തിമ്മ w/o കുഞ്ഞാലൻ കുട്ടി , | 180000 | 20000 |

| | | | | |
|---|---|---|---|---|
| | | കുട്ടശ്ശേരി, ചമ്മല വീട് | | |
| 5 | | ഹഫ്സത്ത് w/o അബ്ദുൾ ലത്തീഫ്, ചെമ്പകശ്ശേരി | 180000 | 20000 |
| 6 | | കാർത്ത്യായനി ചേലക്കൽ, കൂടത്തൂർ | 180000 | 20000 |
| 7 | | സത്യവതി അവുഞ്ഞിക്കാട് | 140000 | 60000 |
| 8 | | സഫിയ w/o അഹമ്മദ് കബീർ | 180000 | 20000 |
| 9 | | പത്മാവതി w/o രാജൻ മുത് വീട്ടിൽ | 180000 | 20000 |
| 10 | | അലീമ മുഹമ്മദ് കോഴിപ്പറമ്പത്ത് | 80000 | 120000 |
| 11 | | ഖദീജ എറതടൻ | 180000 | 20000 |
| 12 | | ഫൗസിയ w/o സിദ്ദിഖ്, കുഴിയൻതടത്തിൽ | 180000 | 20000 |
| 13 | | മുനീറ w/oസിദ്ദിഖ് | 80000 | 120000 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2016-17 വർഷത്തിൽ തന്നെ മേൽ വീടുകൾ പൂർത്തീകരിച്ച് മുഴുവൻ ഗഡുവും കൈമാറുന്നതാണെന്നാണ് വി ഇ ഒ മറുപടി നൽകിയത്. മേൽ വീടുകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-5 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉല്ലാസയാത്ര, കലോത്സവം കായികമേള - പദ്ധതി അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ

പ്രൊജക്റ്റ് നം - 69/2015-16

അടങ്കൽ തുക - 75000(പൊതു വിഭാഗം)

ബിൽ നം - 4/15-16/16.03.16 – 29630/-രൂപ

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉല്ലാസയാത്ര, കായികമേള കലാമേള എന്നിവ നടത്തിയതിനായി സ്കോളർഷിപ്പ് പദ്ധതിയുടെ ഭാഗമാമായ പ്രോജക്റ്റ് വഴി 29630/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന് ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന41കുട്ടികൾക്ക് മാത്രമായി 05.02.16ന് കോഴിക്കോട് കിൻഫ്ര പാർക്ക് , നക്ഷത്ര ബംഗ്ലാവ്, ബീച്ച് എന്നിവിടങ്ങളിലേക്ക് ഉല്ലാസയാത്ര സംഘടിപ്പിക്കുകയും താഴെ പറയുന്ന ഇനങ്ങളിൽ തുക ചെലവഴിക്കുകയും ചെയ്തു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | റിഫ്രഷ് മെന്റ് | 5900 |
| 2 | ബാനർ , സ്റ്റിക്കർ കട്ടിംഗ് | 1070 |
| 3 | പന്തൽ, സൗണ്ട്, ജനറേറ്റർ | 5450 |
| 4 | ടൂറിസ്റ്റ് ബസ് | 8000 |
| 5 | RP ഹോണറേറിയം | 1500 |
| 6 | സർട്ടിഫിക്കേറ്റ് | 700 |
| 7 | ടിക്കറ്റ് എടുത്തതിന്റെ ചെലവ്(അക്വേറിയം+ പ്ലാനറ്റോറിയം) | 1010 |
| 8 | ട്രോഫി | 6000 |
| | | 29630 |

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ പദ്ധതിആസൂത്രണവും സബ്സിഡി അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ (സ. ഉ(എം . എസ്) നമ്പർ 362/2013/തസ്വഭവ തിയ്യതി 16.11.2013, അനുബന്ധം 16, 5.8 (ബി) പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസ യാത്രാ ചെലവുകൾക്ക് രക്ഷിതാക്കൾക്ക് ഒരാൾ ഉൾപ്പെടെ 1000/- രൂപ നൽകാവുന്നതാണ്. ധനസഹായം നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് വിദ്യാർത്ഥിക്ക്/ രക്ഷിതാവിന് നൽകണം.

മേൽ പ്രോജക്റ്റ് പ്രകാരം ചെലവ് തുക വിദ്യാർത്ഥിക്ക് നൽകാതെ മേൽ ഇനങ്ങൾക്കായി നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറ്റുകുട്ടികളുടെ കൂടെ ഉല്ലാസയാത്ര നടത്തുമ്പോൾ ഭിന്നശേഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്നും മാർഗ്ഗരേഖയിൽ ഒരു കുട്ടിക്ക് 1000/- രൂപ വരെ ചെലവഴിക്കാമെന്നത് മനസ്സിലാക്കിയതിലെ പാകപ്പിഴ കാരണമാണ് ഇത്തരത്തിൽ ചെലവു ചെയ്തതെന്നും 2014-15,15-16 വർഷങ്ങളിൽ മേൽ പ്രോജക്റ്റ് നടപ്പിലാക്കിയതിനു ശേഷമാണ് അപാകത മനസ്സിലാക്കിയതെന്നുംമേലിൽ തെറ്റ് ആവർത്തിക്കുകയില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാതു സമയം പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കാർ പദ്ധതി മാർഗ്ഗരേഖയും പാലിക്കേണ്ടതാണ്.

## 3-6 മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം: 13/16 ,65/16, 66/16

ബിൽ നം. 07,08, 09/15-16 തീയതി 31-03-16 തുക: 2,61,000/- (സംരക്ഷണ ഗ്രാന്റ്-റോഡിതരം)

2015-16 വർഷത്തിൽ മെഡിക്കൽ ഓഫീസർ PHC നിർവഹണം നടത്തിയ ജെറിയാട്രിക് ഹോംകെയർ,പരിരക്ഷ, PHC യിലേക്ക് മരുന്ന് വാങ്ങൽ എന്നീ പ്രോജക്ടുകളുടെ ഭാഗമായി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് 2,61,000/- രൂപ KMSCL ന് മുൻകൂറായി നൽകിയിട്ടുണ്ട്.

| ഡി ഡി നമ്പർ | തുക |
|---|---|
| 725299/6-4-16 | 50,000/- |
| 728300/6-4-16 | 100,000/- |
| 728301/6-4-16 | 50,000/- |
| 728302/6-4-16 | 61,500/- |

എന്നാൽ ഓഡിറ്റ് തീയതി വരെ പ്രസ്തുത മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല .അവ സമയ ബന്ധിതമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 കുടിവെള്ള പദ്ധതികൾ- ലക്ഷ്യം നേടിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് 2014-15 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ നാളിതു വരെ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തിയിട്ടില്ല. 20-10-2016 ന് എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ, ശ്രീ.നന്ദകുമാർ, ഓവർസിയർ, ശ്രീ. പി. ബാബു എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കുടിവെള്ള പദ്ധതി | നിലവിലെ അവസ്ഥ |
|---|---|---|
| 1 | ഇടക്കണ്ടത്തിൽ കുടിവെള്ള പദ്ധതി.<br>നിലവിലുള്ള കുഴൽ കിണർ ജല സ്രോതസ്സായി എടുത്ത് 2015-16 വർഷം 464000 രൂപ മുടക്കി 10000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക്, പമ്പ് ഹൗസ്, വിതരണ ലൈൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. (പ്രൊജക്റ്റ് നമ്പർ-112/15,<br>ചെക്ക് നമ്പർ- 1860898 / 30-3-2016 | ടാങ്ക്, പമ്പ് ഹൗസ് എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ മോട്ടോർ സ്ഥാപിക്കുകയോ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.<br>നിലവിലുള്ള കുഴൽ കിണറിന് ഭൂജല വകുപ്പ് 1500ലിറ്റർ / മണിക്കൂർ യീൽഡ് സാക്ഷ്യപത്രമാണ് 9-5-2014 ന് നൽകിയിരുന്നത്. നിലവിൽ ജല ലഭ്യത ഉറപ്പ് വരുത്തിയിട്ടില്ല.മോട്ടോറും വൈദ്യുതി കണക്ഷനും ലഭ്യമാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കാതെ ആർജിച്ച ആസ്തികൾ മുടങ്ങിക്കിടക്കുകയാണ്. കിണർ, ടാങ്ക്, പമ്പ് ഹൗസ് എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായി പ്രത്യേകം വേലി കെട്ടി സംരക്ഷിച്ചിട്ടില്ല. മേൽ ആസ്തികൾ സ്ഥിതി ചെയ്യുന്ന സ്ഥലം പഞ്ചായത്തിന് രേഖാമൂലം കൈമാറിയിട്ടുമില്ല. |
| 2 | കുനൻകണ്ടി കുടിവെള്ള | ടാങ്ക്, പമ്പ് ഹൗസ് എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും |

| | | |
|---|---|---|
| | പദ്ധതി<br>നിലവിലുള്ള കുഴൽ കിണർ ജല സ്രോതസ്സായി എടുത്ത് 2015-16 വർഷം 404000 രൂപ മുടക്കി 5000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക്, പമ്പ് ഹൗസ്, വിതരണ ലൈൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. (പ്രൊജക്റ്റ് നമ്പർ-104/ 15,<br>ചെക്ക് നമ്പർ- 1860898 / 30-3-2016 | നാളിതു വരെ മോട്ടോർ സ്ഥാപിക്കുകയോ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.<br>നിലവിലുള്ള കുഴൽ കിണറിന് ഭൂജല വകുപ്പ് 7000ലിറ്റർ / മണിക്കൂർ മാത്രമാണ് യീൽഡ് സാക്ഷ്യപത്രം 11-12-2014 ന് നൽകിയിരുന്നത്. നിലവിൽ ജല ലഭ്യത ഉറപ്പ് വരുത്തിയിട്ടില്ല. മോട്ടോറും വൈദ്യുതി കണക്ഷനും ലഭ്യമാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കാതെ ആർജിച്ച ആസ്തികൾ മുടങ്ങിക്കിടക്കുകയാണ്. കിണർ, ടാങ്ക്, പമ്പ് ഹൗസ് എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായി പ്രത്യേകം വേലി കെട്ടി സംരക്ഷിച്ചിട്ടില്ല. മേൽ ആസ്തികൾ സ്ഥിതി ചെയ്യുന്ന സ്ഥലം പഞ്ചായത്തിന് രേഖാമൂലം കൈമാറിയിട്ടുമില്ല. |
| 3. | പാലച്ചീറ്റൽ കിണർ നിർമ്മാണം<br>പ്രൊജക്റ്റ് നമ്പർ- 76/ 14<br>2015-16 വർഷം 510947 രൂപ മുടക്കി 7.25 മീ. ആഴത്തിലും 6 മീ. വ്യാസവുമുള്ള കിണർ നിർമ്മിച്ചിട്ടുണ്ട്.(ചെക്ക് നമ്പർ- 2615811 /29-6-15) | സമൃദ്ധമായ ജല സമ്പത്തുള്ള കിണർ കുടിവെള്ള പദ്ധതിക്കായി ഉപയോഗപ്രദമാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നില്ല.കിണർ വല കെട്ടി സംരക്ഷിച്ചിട്ടില്ലാത്തതിനാൽ സാമൂഹ്യ വിരുദ്ധർ കുപ്പികളും മറ്റും കിണറിൽ നിക്ഷേപിക്കുന്ന സ്ഥിതിയാണുള്ളത്. കിണർ സ്ഥിതി ചെയ്യുന്ന സ്ഥലം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായി പ്രത്യേകം വേലി കെട്ടി സംരക്ഷിച്ചിട്ടില്ല. സ്ഥലം പഞ്ചായത്തിന് രേഖാമൂലം കൈമാറിയിട്ടുമില്ല. |

മേൽ കുടിവെള്ള പദ്ധതികൾ പ്രയോജന പ്രദമാക്കി ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടിയുണ്ടാവേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം :ഇല്ല

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ഇല്ല

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ

## അവശേഷിക്കുന്നത് :ഇല്ല

ഇല്ല

## 4-4 വായ്പ/വിനിയോഗം/ എന്നിവയുടെ വിവരം.

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 18191486 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 1305251 |
| ആകെ | 19496737 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 19496737 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| തിരൂരങ്ങാടി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 371560 | 11621 |
| | 994422 | 13928 |
| | 463370 | 13252 |
| വെളിമുക്ക് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | 2214413 | 7624 |
| | 3047916 | 8039 |
| | 7381378 | 7623 |
| | 1476276 | 7625 |
| | 3420334 | 7774 |
| തിരൂരങ്ങാടി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 127068 | 4593 |
| ആകെ | 19496737 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 22928/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയ്യതി |
|---|---|---|---|---|
| 2013-14<br>2014-15 | 3.3 | 22928 | ശ്രീ.നന്ദകുമാർ.പി,<br>അസി.എഞ്ചിനീയർ | 11502109465/21.3.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2002<br>ഖണ്ഡിക.നം.18 | 2004-05<br>ഖണ്ഡിക.നം.3.10.1.7 | പദ്ധതിപണം നിക്ഷേപമായി കുടിവെള്ളമെത്തിയില്ല | നിയമസഭാസമിതി നാളിതുവരെ പരിഗണനക്കെടുത്തിട്ടില്ല. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീക രിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പി ച്ചതിൻെറ വിവരം | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പി എച്ച് സി മൂന്നിയൂർ | 2007 | 2014-15 | 26/03/16 | - ലഭ്യമാക്കിയിട്ടില്ല. | | | |
| 2 | ജി എ എച്ച് വെളിമുക്ക് | ലഭ്യമല്ല | 2004-05 മുതൽ 2014-15 വരെ | ലഭ്യമല്ല | 2004-05 മുതൽ 2010-11 വരെ | ലഭ്യമാക്കിയിട്ടില്ല. | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51994202 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57736335 |
| വരവിനങ്ങളിലുള്ള നഷ്ടം | 3072 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23980 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1901241 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 3072 | ശ്രീമതി സതീദേവി, സെക്രട്ടറി |
| 3_1 | 22230 | ശ്രീ ഐസക് ജോർജ്ജ്, വെറ്ററിനറി സർജൻ |
| 3_2 | 1750 | ശ്രീമതി വനജ കെ പി, ഐസിഡിഎസ് സൂപ്പർവൈസർ |
| ആകെ | 23980 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3_2 | 198250 | ശ്രീമതി വനജ കെ പി, ഐസിഡിഎസ് സൂപ്പർവൈസർ |
| 3_3 | 1702991 | |

| | | |
|---|---|---|
| ആകെ | 1901241 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഐസക് ജോർജ്ജ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | കവലയിൽ വീട്, പുറ്റൂർ നോർത്ത് പിഒ, മലപ്പു റം |
| ശ്രീമതി വനജ കെ പി, ഐസിഡിഎസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, മൂന്നിയൂർ ഗ്രാമപഞ്ചായത്ത് | കാഞ്ഞിരത്തിൽ ഹൗസ്, ഒഴൂർ പി ഒ, താനാളൂർ |
| ശ്രീമതി സതീദേവി | വിരമിച്ചു | ഗോപാലിക, വള്ളിക്കുന്ന്(പി ഒ), മലപ്പുറം -673314 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ എഫ് എം 11/895/99 തിയ്യതി 26.10.10 | 10 |
| 1996-97 | എൽ എഫ് എം 11/627/02 തിയ്യതി 26.10.10 | 1 |
| 1997-98 | എൽ എഫ് എം 11/628/02 തിയ്യതി 26.10.10 | 9 |
| 1998-99 | എൽ എഫ് എം 11/629/02 തിയ്യതി 26.10.10 | 4 |
| 1999-00 (വരവ്) | എൽ എഫ് എം 17/483/07 തിയ്യതി 26.10.10 | 5 |
| 1999-02 | എൽ എഫ് എം 14/878/04 | 25 |

| | | |
|---|---|---|
| (പദ്ധതി ചെലവ്) | തിയ്യതി 26.10.10 | |
| 2000-01 | എൽ എഫ് എം 17/485/07 തിയ്യതി 26.10.10 | 4 |
| 2001-02 | എൽ എഫ് എം 17/486/07 തിയ്യതി 26.10.10 | 4 |
| 2002-03 | എൽ എഫ് എം 17/944/08 തിയ്യതി 26.10.10 | 6 |
| 2003-04 | എൽ എഫ് എം 17/604/09 തിയ്യതി 26.10.10 | 5 |
| 2004-05 | എൽ എഫ് എം 17/946/08 തിയ്യതി 26.10.10 | 2 |
| 2005-06 | എൽ എഫ് എം 15/1347/11 തിയ്യതി 28.10.11 | 12 |
| 2006-07 | എൽ എഫ് എം 15/1721/11 തിയ്യതി 22.03.12 | 25 |
| 2007-08 | എൽ എഫ് എം 15/1523/11 തിയ്യതി 14.02.12 | 16 |
| 2008-09 | എൽ എഫ് എം 15/1524/11 തിയ്യതി 21.02.12 | 21 |
| 2009-10,10-11 | എൽ എഫ് എം 15/1750/13 തിയ്യതി 20.11.13 | 22 |
| 2011-12,12-13 | എൽ എഫ് എം 15/263/14 തിയ്യതി 11.06.14 | 19 |
| 2013-14,14-15 | എൽ എഫ് എം 15/777/16 തിയ്യതി 14.05.16 | 26 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം. 15/3001/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്

കാര്യാലയം മലപ്പുറം

തീയതി.5.12.2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം